/63514/2023

കേരള സർക്കാർ

ഭരണഭാഷ – മാതൃഭാഷ

DFTVM/2128/2021-F3

ഫിഷറീസ് ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി:24-07-2023
ഇ-മെയിൽ:fisheriesdirector@gmail.com

സർക്കുലർ 1/2023

വിഷയം-ഫിഷറീസ്- സഹകരണം- തർക്കങ്ങൾ വിചാരണ ചെയ്യുന്നതിലും തീർപ്പ കൽപ്പിക്കുന്നതിലും നിയമാനുസൃത നടപടിക്രമങ്ങൾപാലിക്കുന്നതിനായുള്ളനിർദ്ദേശങ്ങൾ-സംബന്ധിച്ച്

സൂചന- സഹകരണ സംഘം രജിസ്ട്രാറുടെ എഡിഎൽ 357505/85 നമ്പർ സർക്കുലർ

കേരള സഹകരണ നിയമത്തിലെ വകുപ്പ് 69 അനുസരിച്ച് രജിസ്ട്രാറുടെ തീരുമാനത്തിനു വേണ്ടി സമർപ്പിക്കപ്പെടുന്ന തർക്കങ്ങൾ വിചാരണ ചെയ്യുന്നതിലും തീർപ്പ കൽപ്പിക്കുന്നതിലും പ്രതികൾക്കുള്ള സമൻസ് നടത്തുന്നതിലും, സാക്ഷികളെ വിസ്തരിക്കുന്നതിലും, പ്രമാണങ്ങൾ അക്കമിട്ട തെളിവിൽ സ്വീകരിക്കുന്നതിനും നിയമാനുസൃത നടപടിക്രമങ്ങൾ പാലിക്കുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

2. മദ്ധ്യസ്ഥ തീർപ്പിന് കേസുകൾ സമർപ്പിക്കുന്ന അവസരത്തിൽ തന്നെ കേരള സഹകരണ ചട്ടം 67 -ൽ അനുശാസിക്കുന്ന വിധം വേണ്ട എല്ലാ രേഖകളും, തെളിവുകൾക്കു വാദി ഭാഗത്തു നിന്നും ആശ്രയിക്കുന്ന രേഖകളുടെ ഒരു ലിസ്റ്റും സമർപ്പിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് ബോദ്ധ്യപ്പെടേണ്ടതാണ്. ഏതെങ്കിലും ന്യൂനതകൾ കാണുന്ന പക്ഷം അവ പരിഹരിക്കുവാൻ ഹർജിക്കാരനോടു ആവശ്യപ്പെടേണ്ടതും അതിലേക്ക് ഒരു ക്ലിപ്ത സമയം അനുവദിക്കേണ്ടതുമാണ്.

3. കേരള സഹകരണ നിയമത്തിലെ വകുപ്പ് 98 അനുസരിച്ച് അതിൽ വ്യക്തമാക്കപ്പെട്ടിരിക്കുന്ന 4 കാര്യങ്ങളെ സംബന്ധിച്ച്, രജിസ്ട്രാർക്കും, ആർബിട്രേറ്റർക്കും തർക്കങ്ങളിൻമേൽ തീരുമാനമെടുക്കുന്ന മറ്റേതൊരാൾക്കും, സിവിൽ നടപടി (കോഡ് ഓഫ് സിവിൽ പ്രൊസീഡിയർ) ക്രമമനുസരിച്ച് കേസ് വിചാരണ ചെയ്യുന്ന സിവിൽ കോടതിക്കുള്ള എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കുന്നതാണ്. സത്യവാങ്മൂലത്തിനു മേൽ തെളിവ് സ്വീകരിക്കുക, ഏതൊരാളെയും സമൻസ് അയച്ച വരുത്തുക, സമൻസ് നടപ്പാക്കുക സത്യം ചെയ്യിപ്പിച്ച് മൊഴി രേഖപ്പെടുത്തുക എന്നീ കാര്യങ്ങളും വകുപ്പ് 98 ൽ വ്യവസ്ഥ ചെയ്തിരിക്കുന്നതിൽപ്പെടുന്നവയാണ്. ഈ കാര്യങ്ങളിൽ സിവിൽ നടപടി ക്രമമനുസരിച്ച് സിവിൽ കോടതിക്കുള്ള എല്ലാ അധികാരങ്ങളും രജിസ്ട്രാർക്കും മദ്ധ്യസ്ഥനും തർക്കം കേട്ട തീരുമാനിക്കുന്ന മറ്റേതൊരാൾക്കും ഉണ്ട്.

4. യഥാവിധി സമൻസ് നടത്തപ്പെട്ട (ഡ്യൂലി സമൻസ്) കേസിലെ ഏതെങ്കിലും കക്ഷി വിചാരണ ദിവസം ഹാജരാകാതെയിരുന്നാൽ കേസ് എക്സ്പാർട്ടിയായി തീരുമാനിക്കാമെന്ന് കേരള സഹകരണ ചട്ടത്തിലെ 67 (4) (ബി) ചട്ടം വ്യവസ്ഥ ചെയ്തിരിക്കുന്നു. സമൻസ് നടത്തിയത് യഥാവിധി നിയമത്തിൽ അനുശാസിക്കുന്ന വിധം ആയിരുന്നാൽ മാത്രമേ കക്ഷികളെ എക്സ് പാർട്ടിയായി തീരുമാനം എടുക്കുവാൻ കഴിയുകയുള്ളൂ. സമൻസ് യഥാവിധി അല്ല നടത്തിയതെങ്കിൽ പ്രതികളെ എക്സ് പാർട്ടിയായി പ്രഖ്യാപിച്ച് എടുക്കുന്ന തീരുമാനത്തിന് നിയമസാധുത ഉണ്ടായിരിക്കുകയില്ല. സമൻസ് നടത്തപ്പെടുത്തേണ്ടത് ഒന്നുകിൽ കേരള സഹകരണ നിയമത്തിലെ വകുപ്പ് 104 ൽ വ്യവസ്ഥ ചെയ്യുന്ന പോലെയോ അല്ലെങ്കിൽ സിവിൽ നടപടിക്രമത്തിലെ 1 - ഷെഡ്യൂൾ, ഓർഡർ V - ൽ വ്യവസ്ഥ ചെയ്യുന്ന വിവിധ മാർഗ്ഗങ്ങളിലൂടെയോ മാത്രം ആയിരിക്കേണ്ടതാണ്. കേരള സഹകരണ നിയമത്തിലെ 104 - വകുപ്പനുസരിച്ച് സമൻസ് രജിസ്റ്റർ ചെയ്ത് അയക്കുന്നതാണ്. സിവിൽ നടപടി ക്രമമനുസരിച്ച് പ്രതിക്കോ അല്ലെങ്കിൽ അധികാരപ്പെടുത്തിയിട്ടുള്ള ഏജന്റുണ്ടെങ്കിൽ അയാൾക്കോ കൊടുത്ത് നേരിട്ട് നടത്തുകയോ, പ്രതി അയാളുടെ താമസ സ്ഥലത്ത് ഇല്ലാതിരിക്കുകയും മിതമായ ഒരു കാലത്തേക്ക് വാസസ്ഥലത്ത് ഉണ്ടാകുവാൻ സാധ്യത ഇല്ലാതിരിക്കുകയും ചെയ്യുകയാണെങ്കിൽ പ്രതിയുടെ കുടുംബത്തിൽപ്പെട്ട പ്രായപൂർത്തിയായ ആളിന് നൽകി നടത്തുകയോ ചെയ്യാവുന്നതാണ്. ഒരു പ്രതിക്കുള്ള സമൻസ് അയാളുടെ കുടുംബാംഗമല്ലാത്ത മറ്റ് പ്രതികൾക്ക് നടത്തിവരുന്നത് നിയമവിരുദ്ധമാണ്.

5. അതുപോലെ സമൻസ് നടത്തുന്ന ഉദ്യോഗസ്ഥൻ ചെല്ലുമ്പോൾ പ്രതിയെ വാസസ്ഥലത്ത് കണ്ടില്ല എന്ന ഒറ്റ കാരണത്താൽ സമൻസ് പതിച്ചു നടത്തി വരുന്ന നടപടിയും ശരിയല്ല. പ്രതിയോ, അധികാരപ്പെടുത്തിയിട്ടുള്ള ഏജന്റോ പ്രായപൂർത്തിയായ കുടുംബാംഗമോ സമൻസ് കൈപ്പറ്റുവാൻ വിസമ്മതിക്കുകയോ, അല്ലെങ്കിൽ ശ്രദ്ധാന്തിയോടെ അന്വേഷണം നടത്തിയിട്ടും പ്രതിയെ അയാളുടെ വാസസ്ഥലത്തു കാണാതിരിക്കുകയും മിതമായ ഒരു കാലത്തേക്ക് പ്രതി വാസസ്ഥലത്ത് ഉണ്ടാകുവാൻ സാധ്യത ഇല്ലായെന്നു ബോദ്ധ്യപ്പെടുകയും ചെയ്താൽ മാത്രമേ പ്രതിയുടെ വീട്ടിൽ സമൻസ് പതിച്ച് നടത്തുന്നതിന് സമൻസ് നടത്തുന്ന ഉദ്യോഗസ്ഥന് അധികാരം ലഭിക്കുന്നുള്ളൂ. പതിച്ച് നടത്തുമ്പോൾ അതിനിടയായ സാഹചര്യങ്ങൾ എന്തൊക്കെയാണെന്നും പ്രതിയുടെ വീട് തിരിച്ചറിഞ്ഞ് സമൻസ് പതിച്ചു നടത്തിയത് ആരുടെ സാന്നിദ്ധ്യത്തിലാണോ അവരുടെ പേരും വിലാസവും തുടങ്ങിയതും സമൻസ് നടത്തുന്ന ഉദ്യോഗസ്ഥൻ സത്യവാങ്മൂല പ്രകാരം സമൻസിന്റെ അസ്സലിലോ അല്ലെങ്കിൽ അതിനോടൊപ്പമുള്ള ഒരു അനുബന്ധത്തിലോ ഒരു റിപ്പോർട്ടു പ്രകാരം സമൻസ് പുറപ്പെടുവിച്ച അധികാരസ്ഥനു സമൻസിന്റെ അസ്സൽ മടക്കേണ്ടതാണ് (ഓർഡർ V ചട്ടം 17) മേൽ വിവരിച്ച പ്രകാരം റിപ്പോർട്ടു ചെയ്യാതിരുന്നതിൽ സമൻസ് നടത്തിയ ഉദ്യോഗസ്ഥനെ സത്യം ചെയ്യിപ്പിച്ച് സമൻസ് നടത്തിയതിനെപ്പറ്റി അയാളുടെ മൊഴി രേഖപ്പെടുത്തി ഉത്തമബോദ്ധ്യം വന്നാൽ മാത്രമേ സമൻസ് ശരിയായ രീതിയിൽ നടത്തിയതായി സ്വീകരിക്കാവൂ.

6. സമൻസ് നേരിട്ടു കൊടുത്ത് ഒപ്പിട്ടുവിച്ച് വാങ്ങുമ്പോഴും എന്ന് എപ്പോൾ എങ്ങനെയാണ് സമൻസ് നടത്തിയതെന്നും സമൻസിന്റെ അസ്സലിൽ പുറത്തെഴുതിയോ, അനുബന്ധത്തിലോ

സമൻസ് നടത്തുന്ന ഉദ്യോഗസ്ഥൻ റിപ്പോർട്ടു ചെയ്യേണ്ടതാണ്. സംഘങ്ങളിലെ ജീവനക്കാരെ കൊണ്ട് സമൻസ് നടത്തിക്കുന്നതും നിയമാനുസരണമല്ല.

7. പ്രതി ഹാജരാകുന്നതിന് തീയതി നിശ്ചയിക്കുന്നത് സമൻസ് കിട്ടിയ ശേഷം കോടതി മുൻപാകെ ഹാജരായി സമാധാനം ബോധിപ്പിക്കുന്നതിന് പ്രതിക്ക് മതിയായ സമയം ലഭിക്കത്തക്കവണ്ണം ആയിരിക്കണം. ചിലപ്പോൾ വിചാരണ തീയതിക്കു രണ്ടോ മൂന്നോ ദിവസം മുൻപു മാത്രമോ സമൻസ് നടത്തുവാൻ കഴിഞ്ഞുള്ളൂ എന്നു വന്നാൽ പ്രതി ഹാജരല്ല എന്ന കാരണത്താൽ എക്സ്പാർട്ടിയായി തീരുമാനം എടുക്കുന്നതു ശരിയല്ല. സമൻസ് നടത്തിയ തീയതിക്കു ശേഷം പ്രതിക്ക് ഹാജരാകുവാൻ കുറഞ്ഞത് ഏഴു ദിവസത്തെ സമയമെങ്കിലും ലഭിച്ചിരിക്കണം. തപാലിൽ അയയ്ക്കുകയാണെങ്കിൽ വിചാരണ തീയതിക്കു പതിനഞ്ചു ദിവസമെങ്കിലും മുൻപ് സമൻസ് അയച്ചിരിക്കേണ്ടതാണ്.

8. കേരള സഹകരണ ചട്ടത്തിലെ 67 (4) (എ) ചട്ടമനുസരിച്ച് കേസിൽ വിസ്തരിക്കപ്പെടുന്ന കക്ഷികളുടെയും സാക്ഷികളുടെയും മൊഴിയുടെ ഒരു ചെറിയ കുറിപ്പ് രജിസ്ട്രാർ / മദ്ധ്യസ്ഥൻ തർക്കം കേൾക്കുന്ന മറ്റാൾ പ്രദേശിക ഭാഷയിലോ ഇംഗ്ലീഷിലോ രേഖപ്പെടുത്തേണ്ടതാണ്. മൊഴി രേഖപ്പെടുത്തേണ്ടതു കേസു കേൾക്കുന്ന ആളിന്റെ കൈപ്പടയിലായിരിക്കണം. സാക്ഷികളെ സത്യം ചെയ്യിപ്പിച്ച ശേഷമാണ് മൊഴി രേഖപ്പെടുത്തേണ്ടത്. "അച്ചടിച്ച മൊഴി" വാങ്ങി സൂക്ഷിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

9. പ്രതികൾ മുഴുവനും എക്സ്പാർട്ടിയായിട്ടുള്ള കേസുകളിലും സാധാരണയായി വാദിയെ വിസ്തരിച്ച് പ്രമാണങ്ങൾ അക്കമിട്ടു വരുന്നതായി കാണുന്നു. ശരിയായ രീതിയിൽ സമൻസ് നടത്തിയ ശേഷവും ഹാജരാകാത്തതിനാൽ പ്രതികളെ എക്സ്പാർട്ടിയായി തീർപ്പുകൽപ്പിക്കുന്ന കേസുകളിലും നിർബന്ധമായും വാദിയെ വിസ്തരിക്കുകയും പ്രമാണങ്ങൾ അക്കമിട്ടു തെളിവിൽ സ്വീകരിക്കുകയും ചെയ്യേണ്ട ആവശ്യമില്ലാത്തതാണ്. പ്രതികൾ എക്സ്പാർട്ടിയാണെങ്കിൽ വാദിയുടെ മൊഴി രേഖപ്പെടുത്തുന്നതിനു പകരം യുക്തമെന്നു തോന്നുന്ന കേസുകളിൽ വാദി ഫയൽ ചെയ്യുന്ന ഒരു സത്യവാങ്മൂലം തെളിവിൽ സ്വീകരിച്ച് കേസ് തീർപ്പുകൽപ്പിക്കാവുന്നതാണ്. സത്യവാങ്മൂല പ്രകാരം തെളിവ് സ്വീകരിക്കുന്നതിന് സിവിൽ കോടതിക്കുള്ള അധികാരം രജിസ്ട്രാർക്ക്/മദ്ധ്യസ്ഥന്/കേസ് തീർപ്പു കൽപ്പിക്കുന്ന മറ്റാളിന് ഉണ്ടെന്ന് കേരള സഹകരണ നിയമം 98 -) വകുപ്പ് വ്യക്തമായി വ്യവസ്ഥ ചെയ്യുന്നുണ്ട്. സത്യവാങ്മൂലത്തിൽ തന്നെ പ്രമാണങ്ങൾ അക്കമിടാവുന്നതാണ്. (ഹൈക്കോടതിയിൽ ഫയൽ ചെയ്യുന്ന റിട്ട് ഹർജികളിൽ ചെയ്യുന്നതുപോലെ) ഇപ്രകാരം ചെയ്യുന്നതുമൂലം വാദിയുടെ മൊഴി രേഖപ്പെടുത്തുവാൻ എടുക്കുന്ന സമയം ലാഭിക്കാവുന്നതാണ്.

10. തർക്കങ്ങളിൻമേൽ കൽപ്പിക്കുന്ന തീർപ്പ് പലപ്പോഴും അച്ചടിപ്പിച്ച ഒരു ഫാറം പൂരിപ്പിക്കൽ മാത്രമായി മാറരുത്. അവാർഡ് കൽപ്പിക്കുന്നതിന് ഒരു നിശ്ചിത ഫാറമുണ്ട് എന്നു പോലും ചിലരെങ്കിലും തെറ്റദ്ധരിക്കുന്നതായി തോന്നാം. വായ്പ എടുത്തിട്ടില്ലാ എന്നോ അല്ലെങ്കിൽ വായ്പ മുഴുവൻ അടച്ചു തീർത്തുപോയി എന്നോ തർക്കിക്കുന്ന കേസുകളിൽ പോലും ഫാറം പൂരിപ്പിച്ച തെളിവുകൾ ഒന്നും വിശകലനം ചെയ്യാതെ " --------തീയതി വിചാരണക്കെടുത്തു. പ്രതികൾ

ഹാജരായിരുന്നു. വാദിയേയും പ്രതികളേയും വിസ്തരിച്ച് എ, ബി, സി അക്ക പ്രമാണങ്ങൾ തെളിയിച്ച് രേഖപ്പെടുത്തി അന്യായം തെളിഞ്ഞിരിക്കുന്നു" എന്ന അവാർഡുകൾ പാസ്സാക്കുന്ന നടപടി ഒഴിവാക്കേണ്ടതാണ്. ഇപ്രകാരമുള്ള വിധികൾ അപ്പീലിൽ അസ്ഥിരപ്പെട്ടു പോകുമെന്നിതാണ്. കേസുകളിൽ ഹാജരാക്കപ്പെട്ടിട്ടുള്ള തെളിവുകൾ (വായ്മൊഴികളും പ്രമാണങ്ങളും) ശരിയായി വിശകലനം ചെയ്ത് തർക്കമുള്ള ഓരോ ഇഷ്യുവിനേയും സംബന്ധിച്ച് തീരുമാനമെടുക്കുകയും ഓരോ ഇഷ്യുവിന്മേലുള്ള തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ കേസ് തീർപ്പ് കൽപ്പിക്കുകയുമാണ് വേണ്ടത്.

11. അവാർഡിന്/ഉത്തരവിന്/തീർപ്പിന് അനുബന്ധമായ വാദി/പ്രതികൾ അവരുടെ ഭാഗത്തു നിന്നും, വിസ്തരിച്ച സാക്ഷികളുടെ വിവരവും, ഹാജരാക്കി അക്കമിട്ടു തെളിയിച്ച രേഖകളുടെ ഒരു ലിസ്റ്റും ചേർത്തിരിക്കേണ്ടതാണ്.

12. കേസിന്റെ ദൈനംദിന നടപടി വിവരം അതാതു ദിവസം തന്നെ എഴുതിയ ഒരു കേസ് ഡയറി കേസ് ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

13 കേരള സഹകരണ ചട്ടം 68-ൽ അനുശാസിക്കുന്ന വിധം അവാർഡ്, ഉത്തരവ് അല്ലെങ്കിൽ തീരുമാനം മുൻകൂട്ടി കക്ഷികളെ അറിയിച്ച് അവരുടെ സാന്നിദ്ധ്യത്തിൽ ഓഫീസ് സമയത്ത് പ്രഖ്യാപിക്കേണ്ടതാണ്. കേരള സഹകരണ നിയമം 70 (3) വകുപ്പനുസരിച്ച് നിയമിതനാകുന്ന മദ്ധ്യസ്ഥൻ അദ്ദേഹം പാസ്സാക്കുന്ന അവാർഡിന്റെ രണ്ടു പ്രതികൾ (ഇൻ ഡ്യൂപ്ലിക്കേറ്റ്) കേസ് ഫയലിനോടൊപ്പം രജിസ്ട്രാർക്കു അയച്ചു കൊടുക്കേണ്ടതാണ്. അവാർഡിന്റെ/ഉത്തരവിന്റെ/തീരുമാനത്തിന്റെ ഒരു പകർപ്പ് തന്റെ സീൽ പതിച്ചതിനുശേഷം രജിസ്ട്രാർ വാദിക്ക് രജിസ്റ്റേർഡ് പോസ്റ്റിൽ അയച്ചു കൊടുക്കേണ്ടതാണ്. വിധി പ്രഖ്യാപിക്കുന്ന അവസരത്തിൽ പ്രതി/പ്രതികൾ ഹാജരായില്ലെങ്കിൽ അവാർഡിന്റെ/ഉത്തരവിന്റെ/തീരുമാന ത്തിന്റെ ഒരു രത്നച്ചുരുക്കം പ്രതിക്ക്/പ്രതികൾക്ക് പോസ്റ്റുവഴി അയച്ചു കൊടുക്കേണ്ടതുമാണ്.

14. കേരള സഹകരണ ചട്ടം 67 (8) ൽ രജിസ്ട്രാറുടെയോ മദ്ധ്യസ്ഥന്റേയോ അഥവാ തർക്കം തീരുമാനിക്കുവാൻ നിയുക്തനായ ഉദ്യോഗസ്ഥന്റേയോ മുമ്പാകെ കേസ് നടപടികൾക്കുവേണ്ടി വക്കീലൻമാർ കക്ഷികളെ പ്രതിനിധാനം ചെയ്തു ഒരു അവകാശമെന്ന നിലയിൽ ഹാജരാകുവാൻ അവകാശമില്ലെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും അനുവാദത്തിനു വേണ്ടി സമർപ്പിക്കുന്ന എല്ലാ അപേക്ഷകളും നിഷേധിക്കുന്നത് ന്യായയുക്തമായിരിക്കുകയില്ല. അപേക്ഷ നിരസിക്കുകയാണെങ്കിൽ അതിനുള്ള കാരണം വ്യക്തമായി ഉത്തരവിൽ പറഞ്ഞിരിക്കേണ്ടതാണ്. അപേക്ഷയിൻമേൽ നിരസിച്ചു എന്ന ഒറ്റ വാക്കിലുള്ള ഉത്തരവിന് നിയമസാധ്യത ഇല്ലാത്തതാണ്. അനുമതി നിഷേധിക്കുന്നത് ന്യായം നടത്തുന്നതിന് വിഘാതമായ തരത്തിലെന്നോ അല്ലെങ്കിൽ നീതി നിഷേധമായി തീരുമെന്നോ വന്നാൽ അപ്പീലിൽ അവാർഡ് /തീരുമാനം/ഉത്തരവ് റദ്ദു ചെയ്യപ്പെട്ടു പോകാൻ ഇടയുണ്ട്.

Signed by
ADEELA ABDULLA IAS
Adeela Abdulla Ias
DIRECTOR OF FISHERIES
Date: 24-07-2023 19:54:34